**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗങ്ങളുടെ എണ്ണം ചെയർമാനും വൈസ് ചെയർമാനും ഉൾപ്പെടാതെ 24 അംഗങ്ങൾ എന്നത് 26 ആക്കി ഉയർത്തി മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(എം.എസ്) നം. 193/2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 28/12/2018

---

പരാമർശം (1) 14/12/01 ലെ സ.ഉ.(എം.എസ്) നം. 318/01/തസ്വഭവ
(2) 01/01/03 ലെ സ.ഉ.(എം.എസ്) നം.06/03/തസ്വഭവ
(3) 22/04/15 ലെ സ.ഉ.(എം.എസ്) നം. 106/05/തസ്വഭവ
(4) 26/12/10 ലെ സ.ഉ.(സാധാ) നം. 3320/06/തസ്വഭവ
(5) 06/12/10 ലെ സ.ഉ.(സാധാ) നം. 3838//തസ്വഭവ
(6) 03/11/11 ലെ സ.ഉ.(എം.എസ്) 74/11/തസ്വഭവ
(7) 14/11/11 ലെ സ.ഉ.(എം.എസ്) നം.279/11/തസ്വഭവ
(8) 22/02/14 ലെ സ.ഉ.(എം.എസ്) നം. 48/14/തസ്വഭവ
(9) 27/10/16 ലെ സ.ഉ.(എം.എസ്) നം. 151/16/തസ്വഭവ
(10) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24/06/2018 ലെ 594/ഇ 1/2018/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗങ്ങളുടെ എണ്ണം വിവിധ കാലയളവിലായി പരാമർശം ഒന്ന് മുതൽ ഒൻപതുവരെയുള്ള ഉത്തരവുകൾ പ്രകാരം വർദ്ധിപ്പിച്ചിട്ടുള്ളതായും, എന്നാൽ കുടുംബശ്രീയുടെ രജിസ്ട്രേഷൻ പ്രക്രിയ പൂർത്തീകരിക്കുന്നതിനായി ഗവേണിംഗ് ബോഡി അംഗങ്ങളുടെ എണ്ണം ചെയർമാനും വൈസ് ചെയർമനും ഉൾപ്പെടാതെ 24 എന്നത് 26 ആക്കി മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (10) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗങ്ങളുടെ എണ്ണം ചെയർമാനും വൈസ് ചെയർമാനും ഉൾപ്പെടാതെ 24 എന്നത് 26 ആക്കി മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ ആർട്ടിക്കിൾ 17 ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നിലവിലെ വ്യവസ്ഥ | ഭേദഗതി വരുത്തിയതു പ്രകാരം |
|---|---|
| The Kerala State Poverty Eradication Mission shall have a Governing Body with the following members, for administration and management of the Poverty Eradication Mission Project as state level. The maximum strength of the Governing Body shall be 24 excluding the Chairman and vice- Chairman | The Kerala State Poverty Eradication Mission shall have a Governing Body with the following members, for administration and management of the Poverty Eradication Mission Project as state level. The maximum strength of the Governing Body shall be 26 excluding the Chairman and vice- Chairman |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ശ്രീകല സി.എസ്.**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട അംഗങ്ങൾക്ക്(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, പബ്ലിക്ക് ഇൻഫർമേഷൻ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**